വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണ പിള്ള):

(എ) ഇല്ല.

(ബി, സി) 'എ'യ്ക്കു നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം പ്രസക്തമല്ല.

ഉൽപ്പാദനകേന്ദ്രങ്ങളിലോ പ്രസരണശൃംഖലയിലോ തകരാറുണ്ടാകുന്ന അടിയന്തിരഘട്ടങ്ങളിൽ കർണ്ണാടകത്തിനും തമിഴ്നാട്ടിനും കഴിയുന്നത്ര വൈദ്യുതി സഹായം നൽകുകയും തിരിച്ച് കേരളത്തിന് തുല്യ അളവിൽ പിന്നീട് വൈദ്യുതി ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്.

(ഡി) മദ്ധ്യതിരുവിതാംകൂറിൽ മാത്രമായി ഇങ്ങിനെയൊരു പ്രശ്നമുള്ളതായി അറിവില്ല. സാമ്പത്തിക പരിമിതികൊണ്ടുതന്നെ നിന്നുകൊണ്ട് കൊടുക്കാവുന്ന പരമാവധി കണക്ഷനുകളും എല്ലാ സ്ഥലത്തും നൽകിക്കൊണ്ടിരിക്കുകയാണ്.

(ഇ) പ്രസക്തമല്ല.

വെളിച്ച വിപ്ലവ പരിപാടിയുടെ ഉദ്ദേശ്യങ്ങൾ

* 170 [173] ശ്രീ. കെ.സി.ജോസഫ്:
,, എ.സി.ജോസ്:
,, കെ.കെ.ശ്രീനിവാസൻ:
,, എം.എം.ഹസ്സൻ:
,, കെ.എസ്.നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വെളിച്ചവിപ്ലവം എന്ന തീവ്രയത്നപരിപാടിയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നു വ്യക്തമാക്കാമോ;

(ബി) വെളിച്ചവിപ്ലവം അനുസരിച്ച് വൈദ്യുതി നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്താണ്;

(സി) ഇതനുസരിച്ചുള്ള പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണ പിള്ള):

(എ) വൈദ്യുത കണക്ഷനു വേണ്ടിയുള്ള അപേക്ഷകളുടെ കുടിശ്ശിക കഴിയുന്നത്ര വേഗം തീർക്കണമെന്നുള്ളതായിരുന്നു ഉദ്ദേശ്യം.

(ബി) ഇതിനുള്ള മാനദണ്ഡം താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം വൈദ്യുത കണക്ഷനുകൾ നൽകുക എന്നുള്ളതായിരുന്നു.

1. 1985 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള പോസ്റ്റുകൾ ആവശ്യമില്ലാത്ത കണക്ഷനുകൾ.

LIBRARY ARCHIVES Kerala Legislative Assembly

2. 1984 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തതും എന്നാൽ പോസ്റ്റുകയും ആവശ്യമുള്ളതുമായ കണക്ഷനുകൾ.

3. 1981 മാർച്ച് 31 വരെ മിനിമം ഗാരണ്ടി എഗ്രിമെന്റ് സമർപ്പിച്ചിട്ടുള്ളതും ലൈൻവലിച്ച് നൽകേണ്ടതുമായ കണക്ഷനുകൾ.

4. കൃഷിക്കും വ്യവസായത്തിനും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാകണക്ഷനുകളും.

5. 1985–86 സാമ്പത്തിക വർഷത്തിൽ വൈദ്യുതീകരണത്തിന് വിഭാവനം ചെയ്തിട്ടുള്ള പട്ടികജാതി–പട്ടിക വർഗ്ഗ കോളനികളുടെ വൈദ്യുതീകരണം ത്വരിതപ്പെടുത്തൽ.

(സി) ഇല്ല. പോസ്റ്റുകളും ആവശ്യമായ 13289 കണക്ഷനുകളും ഇനി നൽകാനുണ്ട്.

നാഫെഡും സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനും വാങ്ങിയ കൊപ്ര

* 171 [174] ശ്രീ. എൻ.ചന്ദ്രശേഖരക്കുറുപ്പ്:
,, ടി.കെ.അബ്ദു:
,, എം.വി.രാഘവൻ:
,, സി.പി.മുസ്സാൻകുട്ടി:
,, എ.കെ.പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഫെഡും സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനും കൊപ്ര വാങ്ങാൻ തുടങ്ങിയത് എന്നു മുതലാണ്;

(ബി) ഇതിനകം എത്ര ടൺ കൊപ്ര വാങ്ങിച്ചു;

(സി) ഈ സ്ഥാപനങ്ങൾ രണ്ടും കൊപ്ര വാങ്ങിയതിൽ നഷ്ടമുണ്ടായിട്ടുണ്ടോ? എങ്കിൽ എത്ര?

(ഡി) നാഫെഡിനും മാർക്കറ്റിംഗ് ഫെഡറേഷനും പരസ്യ വിപണിയിൽ നിലവിലുള്ളതിനേക്കാൾ കൂടുതൽ വിലയ്ക്ക് കൊപ്ര വാങ്ങാനുള്ള അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ?

(ഇ) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ.എൻ.സുന്ദരൻ നാടാർ):

(എ) സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ 27–6–1985 മുതലും, നാഫെഡ് 14–1–1986 മുതലും കൊപ്ര വാങ്ങാൻ തുടങ്ങി.

(ബി) 21,700 ടൺ.

LIBRARY ARCHIVES Kerala Legislative Assembly